## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 1177.** **06.06.2018 ൽ മറുപടിയ്ക്ക്**

**മദ്യ ഉപഭോഗത്തെക്കുറിച്ച ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള ആൾക്കഹോളിക്കൽ സ്റ്റഡിയെന്ന ഒരു പഠനം ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നോ; പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; | (എ) | നടത്തിയിരുന്നു. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, വീര്യം കുറഞ്ഞ മദ്യത്തിന്റെ ഉപഭോഗം പ്രോത്സാഹിപ്പിക്കുക, മയക്കുമരുന്നിന്റെയും അനധികൃത മദ്യത്തിന്റെയും ഉപഭോഗം പൂർണ്ണമായും നിയന്ത്രിക്കുക, മദ്യ/മയക്കുമരുന്ന് ഉപഭോഗത്തിനെതിരെ, സ്കൂൾ കുട്ടികൾ, യുവാക്കൾ, എന്നിവർക്ക് സ്കൂൾ/കോളേജ് തലങ്ങളിൽ അവബോധം വളർത്തുക, തീരദേശ-ആദിവാസി മേഖലകളിൽ സർക്കാർ തലത്തിൽ വിദഗ്ധ ഡോക്ടർമാർ, മനശാസ്ത്രജ്ഞർ എന്നിവർ മുഖേന ബോധവത്കരണം നടത്തുക, ഡീ അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയവ ഡോ.വിജയകുമാർ കമ്മീഷന്റെ പഠന റിപ്പോർട്ടിൽ ഉൾപ്പെടുന്ന ശുപാർശകളാണ്. |
| (ബി) | ഈ പഠനങ്ങൾക്ക് ശേഷവും സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കൂടുന്നതും കൂടുതൽ ജനങ്ങൾ മദ്യപരാകുന്നതും നമ്മുടെ ആരോഗ്യരംഗത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്; | (ബി) യും (സി) യും | മേൽ റിപ്പോർട്ട് അടക്കമുള്ള പഠന നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിയ്ക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും അവശ്യമായ ചികിത്സ നല്കിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വ്യാജ മദ്യമടക്കമുള്ള ലഹരി മരുന്നു വ്യാപനം തടയുന്നതിനായി സംസ്ഥാനം ഒട്ടാകെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാൻറുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര |
| (സി) | മദ്യപാനത്തിന്റെ വിവിധ സാമൂഹിക, ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് സമഗ്രവും വിശദവുമായ പഠനം നടത്തുന്നതിനും നമ്മുടെ സമൂഹത്തെ ഈ വിപത്തിൽ നിന്നും കരകയറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ പതിനാലു ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടു മണി മുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പറിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംങ്ങ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ നിംഹാൻസ് മാതൃകയിൽ ഒരു ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ പുരോഗമിച്ചു വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ